## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2534** 12/06/2018-ൽ മറുപടിയ്ക്ക്

# സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സഹകരണ സംഘങ്ങൾ വഴി സംഭരണം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; | (എ) യും (ബി) യും | സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് സംസ്കരിച്ച് സപ്ലൈകോ/ത്രിവേണി വഴി ബ്രാൻഡഡ് അരിയാക്കി പാക്കറ്റുകളിൽ മില്ലുകളുടെ പേരോടുകൂടി വിപണിയിൽ എത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിനും പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടാക്കി ടി ജില്ലയിലെ സഹകരണ സംഘങ്ങളും കർഷകരുമായി ചർച്ച നടത്തുന്നതിനും ടി വിഷയത്തിൽ സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കുമായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ വഴിയുള്ള നെൽ സംഭരണം, സംസ്കരണം, വിതരണം എന്നിവ സംബന്ധിച്ച് ഒരു പദ്ധതിരേഖ മേൽ കമ്മിറ്റി അംഗം കൂടിയായ സഹകരണ സംഘം രജിസ്ട്രാർ മേൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | | |
| (സി) | സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടാകുക; വിശദാംശം വ്യക്തമാക്കുമോ? | (സി) | കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് പാടശേഖരങ്ങളിൽ നിന്നും കൃത്യമായ സമയത്ത് തന്നെ ശേഖരിക്കുന്നതിനും കാലതാമസം കൂടാതെ തന്നെ നെല്ലിന്റെ വില കർഷകർക്ക് നേരിട്ട് നൽകുന്നതിനും സാധിക്കും. നെല്ലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നിവയിലെ ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നെല്ലിന്റെ ന്യായവില ഉറപ്പാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ